**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1635

07-03-2018 ൽ മറുപടിയ്ക്ക്

## ഹോംഗാർഡ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി.പി.അയിഷാ പോറ്റി** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | സേനാ വിഭാഗങ്ങൾക്കൊപ്പം സേവനം ചെയ്യുന്ന ഹോംഗാർഡുകളുടെ ജോലിയുടെ സ്വഭാവങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | എ) | ഹോം ഗാർഡുകൾ പോലീസിലും ഫയർ ഫോഴ്സിലും നിക്ഷിപ്തമായ ജോലികളാണ് ചെയ്യുന്നത്. പോലീസ് വകുപ്പിൽ ട്രാഫിക് കൺട്രോൾ & റെഗുലേഷൻസ്, ഫെസ്റ്റിവൽ ബന്തവസ്സ്, ദേശീയ ദുരന്തം - സിവിൽ ഡിഫൻസ് പ്രവർത്തനങ്ങൾ, തെരഞ്ഞെടുപ്പ് സമയത്ത് സ്പെഷ്യൽ പോലീസ് കോൺസ്റ്റബിൾ, പോലീസ് പട്രോൾ അസിസ്റ്റന്റ്സ്, കമ്മ്യൂണിറ്റി പോലീസിംഗ് എന്നീ ഡ്യൂട്ടികളിലും, അഗ്നിരക്ഷാ സേവന വകുപ്പിൽ രക്ഷാ പ്രവർത്തനങ്ങളിലും, പാറാവ് ഉൾപ്പെടെയുള്ള ഡ്യൂട്ടികളിലും ജീവനക്കാരെ സഹായിക്കുന്നുണ്ട്. |
| ബി) | നിലവിൽ ഹോം ഗാർഡുകൾക്ക് നൽകി വരുന്ന പ്രതിദിന/മാസ വേതനത്തിന്റെ വിശദാംശങ്ങൾ നൽകുമോ; | ബി) | നിലവിൽ ഹോംഗാർഡുകൾക്ക് പ്രതിദിനം 685/-രൂപ ദിവസ വേതനാടിസ്ഥാനത്തിൽ (മാസം പരമാവധി 18450/-രൂപ) നൽകി വരുന്നു. |
| സി) | ഹോം ഗാർഡുകൾക്ക് വേതനം സമയബന്ധിതമായി ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കുമോ? | സി) | ബഡ്ജറ്റ് വിഹിതത്തോടൊപ്പം ആവശ്യമായ ഫണ്ട് ലഭ്യമാക്കി സമയബന്ധിതമായി ഹോംഗാർഡുകൾക്ക് ശമ്പളം നൽകിവരുന്നു. |

**സെക്ഷൻ ഓഫീസർ**